**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **12-12-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | കല്ലറ എൻ.സി.സി. ട്രെയ്നിംഗ് സെന്റർ നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ 3.5 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് അനുവദിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലായെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ 2.0423 ഹെക്ടർ പുറമ്പോക്ക് ഭൂമികൂടി അളന്ന് തിരിച്ചിട്ടുണ്ട്. 650 എൻ.സി.സി. കേഡറ്റുകൾക്ക് ഒരേ സമയം പരിശീലനം നടത്തുന്നതിനുള്ള പരേഡ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് നിരന്ന ഭൂമി ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 00.2359 ഹെക്ടർ സ്ഥലം കൂടി അക്വയർ ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിന്റെ മാസ്റ്റർ പ്ലാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എത്ര തുകയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ട്രെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 200 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ